# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **514** | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

### അധികമായി ജി.എസ്.ടി പിരിച്ചത്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. സ്വരാജ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യാപാരികളും ഹോട്ടലുകളും ഉപഭോക്താക്കളുടെ പക്കൽ നിന്നും അധികമായി ജി.എസ്.ടി പിരിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ കടകളിൽ നിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശം ഇല്ല എന്ന ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവത്കരണം നടത്തുന്നുണ്ട്. |
| (ബി) | എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ